## പതിമൂന്നാം കേരള നിയമസഭ
## 9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4002 — 26/06/13-ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ ചന്ദ്രശേഖരൻ | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ എത്ര ഒഴിവുകളാണ് ഉള്ളത്; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ ഫാർമസിസ്റ്റുകളുടെ 8 ഒഴിവുകളാണ് ഉള്ളത്. ഈ ഒഴിവുകൾ എൻ.സി.എ (ജാതി സംവരണം) ആയതിനാൽ പ്രസ്തുത കാറ്റഗറിയിൽ ഉള്ള ഉദ്യോഗാർത്ഥികളെ മാത്രമേ ടി ഒഴിവുകളിൽ നിയമിക്കാൻ കഴിയുകയുള്ളു. |
| (ബി) | ജില്ലയിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ രാത്രി കാലങ്ങളിൽ ഫാർമസിസ്റ്റുകൾ ഇല്ലാത്ത അവസ്ഥ ഉണ്ടോ; | (ബി) യും (സി) യും | ചില താലൂക്കാശുപത്രികളിൽ രാത്രി 8 മണിവരെ ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാണ്. എന്നാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമല്ല. എന്നാൽ കിടത്തി ചികിത്സ ഉള്ള ചില സ്ഥാപനങ്ങളിൽ എൻ.ആർ.എച്ച്.എം ഫണ്ട്, എച്ച്.എം.സി ഫണ്ട് എന്നിവ വിനിയോഗിച്ച് തസ്തികയ്ക്ക് പുറമേ ഫാർമസിസ്റ്റുകളെ നിയമിച്ചിട്ടുണ്ട് |
| (സി) | എങ്കിൽ ഇതിനെത്തുടർന്നുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ സ്ഥലങ്ങളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുമോ? | | |

Sd/
സെക്ഷൻ ഓഫീസർ